**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് മലപ്പുറം റീസർവ്വെ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ഓഫീസ് അറ്റൻഡന്റായ ശ്രീമതി സജിതകുമാരി റ്റി.-യെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=================================================================

**തദ്ദേശ സ്വയം ഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 1264/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 04.05.2018.

=================================================================

പരാമർശം:- 1. മലപ്പുറം കളക്ടറുടെ 06.03.2018-ലെ ഡി.സി.എം.പി.എം./2555/2018-എ 9 നമ്പർ നിരാക്ഷേപ സാക്ഷ്യപത്രം.

2. 02.04.2018-ലെ സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ സം.തി.ക/229/2018-എ 1 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് മലപ്പുറം റീസർവ്വെ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ഓഫീസ് അറ്റൻഡന്റായ ശ്രീമതി സജിതകുമാരി റ്റി.-യ്ക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നൽകണമെന്ന് പരാമർശം (2) കത്ത് പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു. ശ്രീമതി സജിതകുമാരി റ്റി.-യുടെ സേവനം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറുടെ കാര്യാലയത്തിന് നൽകുന്നതിന് ടി വകുപ്പിന് എതിർപ്പില്ലായെന്ന് മലപ്പുറം കളക്ടർ പരാമർശം (1) പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് മലപ്പുറം റീസർവ്വെ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ഓഫീസ് അറ്റൻഡന്റായ ശ്രീമതി സജിതകുമാരി റ്റി.-യ്ക്ക് അന്യത്ര സേവന വ്യവസ്ഥകൾക്ക് വിധേയമായി ഒരു വർഷത്തേക്ക് നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സിനി ജെ ഷുക്കൂർ**

**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, മലപ്പുറം.
ശ്രീ. സജിതകുമാരി റ്റി., ഓഫീസ് അറ്റൻഡന്റ്, റീസർവ്വെ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, സർവ്വെ & ലാന്റ് റിക്കോർഡ്സ്, മലപ്പുറം. (മലപ്പുറം ജില്ലാ കളക്ടർ മുഖാന്തിരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ